പത്രക്കുറിപ്പ് 13.06.2024

# ജനറേറ്റീവ് എ.ഐ ഇന്റർനാഷണൽ കോൺക്ലേവ്

# ജൂലായ് 11, 12 തീയതികളിൽ കൊച്ചിയിൽ

## സംസ്ഥാന സർക്കാർ ഐബിഎമ്മുമായി ചേർന്ന് സംഘടിപ്പിക്കുന്ന

## സമ്മേളനത്തിന്റെ വെബ്സൈറ്റ് മന്ത്രി പി.രാജീവ് പുറത്തിറക്കി

**തിരുവനന്തപുരം:** സംസ്ഥാന സർക്കാർ ഐബിഎമ്മുമായി സഹകരിച്ച് ജൂലൈ 11, 12 തീയതികളിൽ കൊച്ചിയിൽ അന്താരാഷ്ട്ര ജനറേറ്റീവ് എഐ കോൺക്ലേവ് നടത്തുന്നു. സമ്മേളനത്തിന്റെ ഔദ്യോഗിക വെബ്സൈറ്റ് തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി.രാജീവ് പുറത്തിറക്കി.

ഈ സമ്മേളനം ജനറേറ്റീവ് എഐയുടെ ഭാവി രൂപപ്പെടുത്തുന്നതോടൊപ്പം നവീകരണത്തെ പ്രോത്സാഹിപ്പിക്കുന്നതിനും നൂതന സാങ്കേതികവിദ്യകൾ സ്വീകരിക്കുന്നതിനുമുള്ള കേരളത്തിന്റെ പ്രതിബദ്ധത പ്രകടമാക്കുമെന്ന് മന്ത്രി പറഞ്ഞു. ആയിരത്തോളം പ്രതിനിധികൾ പങ്കെടുക്കുന്ന കോൺക്ലേവിലൂടെ കേരളത്തെ എ.ഐ ഡെസ്റ്റിനേഷനായി മാറ്റാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇൻഡസ്ട്രി 4.0 നുള്ള സംസ്ഥാനത്തിന്റെ കാഴ്ചപ്പാട് മുന്നോട്ട് വയ്ക്കാനും സാമ്പത്തിക വളർച്ചയെ ഉത്തേജിപ്പിക്കാനും സമ്മേളനം ലക്ഷ്യമിടുന്നുവെന്നും അദ്ദേഹം പറഞ്ഞു.

എ.ഐ മേഖലയിൽ സംസ്ഥാന സർക്കാർ നടത്തിയ ഏറ്റവും പ്രധാനപ്പെട്ട ഇടപെടലുകളിൽ ഒന്നായി ഈ വർഷത്തെ ബജറ്റിൽ എ.ഐ കോൺക്ലേവ് സംഘടിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു.

കൊച്ചിയിലെ ലുലു ഗ്രാൻഡ് ഹയാത്ത് ബോൾഗാട്ടി ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ നടക്കുന്ന പരിപാടിയിൽ വ്യവസായ പ്രമുഖർ, നയരൂപകർത്താക്കൾ, ഇന്നൊവേറ്റർമാർ തുടങ്ങിയവർ പങ്കെടുക്കും. ആർട്ടിഫിഷ്യൽ ഇന്റലിജൻസി(എ.ഐ)ന്റെ പരിവർത്തന സാധ്യതകളും സമൂഹത്തിലും സമ്പദ്വ്യവസ്ഥയിലും അതിന്റെ സ്വാധീനവും സമ്മേളനം ചർച്ച ചെയ്യും. കേരളത്തിലും രാജ്യത്തും നിർമ്മിത ബുദ്ധിയുടെ മുന്നേറ്റത്തിലെ സുപ്രധാന നാഴികക്കല്ലായിരിക്കും ഈ സമ്മേളനം..

ഐബിഎമ്മുമായുള്ള സഹകരണം നിർമ്മിത ബുദ്ധിയിലധിഷ്ഠിതമായ മികവുകളെ പരിപോഷിപ്പിക്കുന്നതിനുള്ള കേരളത്തിന്റെ പ്രതിബദ്ധതയെ സൂചിപ്പിക്കുന്നുവെന്ന് ചടങ്ങിൽ ഓൺലൈനായി പങ്കെടുത്ത ഐബിഎം സോഫ്റ്റ്‌വെയർ പ്രൊഡക്ട്സ് സീനിയർ വൈസ് പ്രസിഡന്റ് ദിനേശ് നിർമ്മൽ പറഞ്ഞു. ജനറേറ്റീവ് എ.ഐയുടെ അടുത്ത ഘട്ടത്തിലേക്ക് കടക്കുമ്പോൾ ദ്രുതഗതിയിലുള്ള പുരോഗതിക്ക് പൊതു-സ്വകാര്യ സ്ഥാപനങ്ങളുടെ സഹകരണം അനിവാര്യമാണ്. എ.ഐ മേഖലയിലെ ആഗോള പങ്കാളികളും വിദഗ്ധരും പങ്കെടുക്കുന്ന കോൺക്ലേവ് കേരളത്തിന് വലിയ നേട്ടവും അവസരവുമാകും. ഉന്നത നിലവാരമുള്ള വിജ്ഞാനത്തിലേക്കും ടൂളുകളിലേക്കും പ്രവേശനം സാധ്യമാക്കുന്നതിനൊപ്പം സാമൂഹിക വികസനവും നൈപുണ്യ വികസനവും പ്രോത്സാഹിപ്പിക്കാനുമാകും. ഗവേഷണ-വികസന മേഖലകളിൽ പ്രതിഭകളെ കണ്ടെത്താനുള്ള സംസ്ഥാന സർക്കാരിന്റെ സുപ്രധാന ചുവടുവയ്പായി കോൺക്ലേവ് മാറുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷ്, ഐ ആൻഡ് പിആർഡി സെക്രട്ടറിയും കെഎസ്ഐഡിസി മാനേജിംഗ് ഡയറക്ടറും വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറുമായ എസ്. ഹരികിഷോർ, ഐടി മിഷൻ ഡയറക്ടർ അനുകുമാരി, കെഎസ്ഐഡിസി എക്സിക്യൂട്ടീവ് ഡയറക്ടർ ഹരികൃഷ്ണൻ ആർ, ഐബിഎം പ്രതിനിധികളായ ചാർളി, വിശാൽ എന്നിവരും പങ്കെടുത്തു.

സമ്മേളനത്തിന്റെ അജണ്ട, പ്രഭാഷകർ, സെഷനുകൾ, രജിസ്ട്രേഷൻ തുടങ്ങിയ വിശദവിവരങ്ങൾ വെബ്സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രഭാഷണങ്ങൾ, പാനൽ ചർച്ചകൾ, സംവേദനാത്മക സെഷനുകൾ എന്നിവയാണ് സമ്മേളനത്തിലെ പ്രധാന അജണ്ട. പങ്കെടുക്കുന്നവർക്ക് എ.ഐ സാങ്കേതികവിദ്യയിലെ ഏറ്റവും പുതിയ മുന്നേറ്റങ്ങൾ നേരിട്ട് മനസ്സിലാക്കാൻ സാധിക്കുന്ന സംവി

ധാനങ്ങളും ഒരുക്കും.  മുഖ്യമന്ത്രി, മന്ത്രിമാർ, ഐബിഎം അംഗങ്ങൾ, വ്യവസായ-ടെക്നോളജി പ്രമുഖർ തുടങ്ങിയവർ എ.ഐയുടെ ഭാവിയെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ പങ്കിടും. ഡെവലപ്പർമാർ, വ്യവസായ പ്രമുഖർ, സർവകലാശാലകൾ, വിദ്യാർത്ഥികൾ, മാധ്യമങ്ങൾ, അനലിസ്റ്റുകൾ, സർക്കാർ ഉദ്യോഗസ്ഥർ, ഐബിഎമ്മിന്റെ പങ്കാളികൾ തുടങ്ങിയവർ കോൺക്ലേവിന്റെ ഭാഗമാകും. ഡെമോകൾ, ആക്ടിവേഷനുകൾ, വ്യവസായ വിദഗ്ധരുമായുള്ള കൂടിക്കാഴ്ച എന്നിവയും കോൺക്ലേവിൽ ഉണ്ടായിരിക്കും. എ.ഐ നവീകരണത്തിനുള്ള മികച്ച സംഭാവനകളെ അംഗീകരിക്കുന്ന പുരസ്കാരങ്ങളും സമ്മേളനത്തിൽ നൽകും.

കോൺക്ലേവിനു മുന്നോടിയായി കോളേജ് വിദ്യാർത്ഥികൾക്കും പ്രാദേശിക സ്റ്റാർട്ടപ്പുകൾക്കുമായി വാട്സൺ-എക്സ് പ്ലാറ്റ്ഫോമുകളിൽ ഹാക്കത്തണുകൾ നടക്കും. ഐബിഎമ്മുമായി സഹകരിച്ച് ടെക് ടോക്കും സംഘടിപ്പിക്കും. ഐബിഎം ഇന്ത്യ സോഫ്റ്റ്‌വെയർ ലാബിലെ ശ്രീനിവാസൻ മുത്തുസ്വാമിയാണ് ടെക് ടോക്ക് നയിക്കുക. തിരുവനന്തപുരം ടെക്നോപാർക്കിൽ ജൂൺ 18 ന് വൈകിട്ട് 4 നും കൊച്ചി ഇൻഫോപാർക്കിൽ ജൂൺ 20 ന് വൈകിട്ട് 3 നും കോഴിക്കോട് സൈബർ പാർക്കിൽ ജൂൺ 21 ന് രാവിലെ 11 നുമാണ് ടെക് ടോക്ക് നടക്കുക.

കൂടുതൽ വിവരങ്ങൾക്കും കോൺക്ലേവിൽ രജിസ്റ്റർ ചെയ്യുന്നതിനും: https://www.ibm.com/in-en/events/gen-ai-conclave.

KSIDC Invest Kerala NATURE. PEOPLE. INDUSTRY.